**HADIA CSE Khutba Notes (25.10.2019)**

**രണ്ടു തരം വീടുകൾ**

സ്വന്തമായ ഒരു വീട് എന്നത് അല്ലാഹു ഒരാൾക്ക് നൽകുന്ന മഹത്തായ ഒരു അനുഗ്രഹമാണ്.

**وَاللَّهُ جَعَلَ لَكُمْ مِنْ بُيُوتِكُمْ سَكَنًا وَجَعَلَ لَكُمْ مِنْ جُلُودِ الْأَنْعَامِ بُيُوتًا تَسْتَخِفُّونَهَا يَوْمَ ظَعْنِكُمْ وَيَوْمَ إِقَامَتِكُمْ وَمِنْ أَصْوَافِهَا وَأَوْبَارِهَا وَأَشْعَارِهَا أَثَاثًا وَمَتَاعًا إِلَى حِينٍ (النحل)**

ജോലിയും അനുബന്ധ തിരക്കുകളും കഴിഞ്ഞ് വീട്ടിൽ ചെന്ന് കയറുമ്പോൾ ലഭിക്കുന്ന സംതൃപ്തി അനിർവചനീയമാണല്ലോ! പ്രത്യേകിച്ച് വളരെ അധാർമികമായ സാഹചര്യം നിലനിൽക്കുന്ന ഇക്കാലത്ത്. ഇമാം ദൈലമി രേഖപ്പെടുത്തുകയും അബൂമൂസൽ അശ്അരി (റ) റിപ്പോർട്ട് ചെയ്യുകയും ചെയ്ത ഒരു നബിവചനത്തിൽ കാണാം. പ്രവാചകൻ പറയുന്നു:

**"سلامة الرجل في الفتنة أن يلزم بيته."**

ഇതിനെപ്പറ്റിയാണ് അവിടന്ന് പ്രഖ്യാപിച്ചത്:

**عن عقبة بن عامر - رضي الله عنه - قال : قلت: «يا رسول الله ! ما النجاة ؟ قال: أَمْسِكْ عليك لِسانَكَ ، ولْيَسَعْكَ بَيْتُكَ وابْكِ على خطيئتك» (الترمذي)**

അതോടൊപ്പം നാം സഗൗരവം ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്: എങ്ങനെയുള്ളതാണ് നമ്മുടെ വീട്? കാരണം ഖുർആനിൽ രണ്ടുതരം വീടുകളെ പറ്റി പറയുന്നുണ്ടല്ലോ. ഒന്ന് സത്യവിശ്വാസികളുടേതും മറ്റൊന്ന് സത്യനിഷേധികളുടേതും. എന്താണ് സത്യവിശ്വാസികളുടെ വീടുകളുടെ പ്രത്യേകത?

**وَأَقْبَلَ بَعْضُهُمْ عَلَى بَعْضٍ يَتَسَاءَلُونَ قَالُوا إِنَّا كُنَّا قَبْلُ فِي أَهْلِنَا مُشْفِقِينَ  فَمَنَّ اللَّهُ عَلَيْنَا وَوَقَانَا عَذَابَ السَّمُومِ (الطور)**

ഈ ആയത്തുകളുടെ പശ്ചാതലം പരിശോധിച്ച് നോക്കുക. കുടുംബസമേതം സ്വർഗത്തിൽ കടന്ന ആളുകൾ അവിടെ വച്ച് പരസ്പരം സംസാരിക്കുകയാണ്. കൂട്ടത്തിൽ അവർ പറയുന്നു: ദുനിയാവിൽ വീട്ടിലായിരിക്കെ നാം അല്ലാഹുവിനെ ഭയപ്പെട്ടിരുന്നു. അതുകൊണ്ടാണ് നമുക്ക് ഇപ്പറഞ്ഞ സൗഭാഗ്യങ്ങൾ ലഭിച്ചത്. അപ്പോൾ സത്യവിശ്വാസികളുടെ ഭവനം ദൈവഭയവും ഇസ്‌ലാമിക അന്തരീക്ഷവും നിറഞ്ഞതായിരിക്കണം. എങ്ങനെയാണ് ഇത് സാധിക്കുക? ഒറ്റവാക്കിൽ മറുപടി പറയാൻ കഴിയില്ല. എന്നാലും ചില കാര്യങ്ങൾ നമുക്ക് ശ്രദ്ധിക്കാം. ഉദാഹരണത്തിന്, കുടുംബത്തിലെ അംഗങ്ങൾക്ക് നല്ല ഇസ്‌ലാമിക അറിവും സംസ്കാരവും പകർന്ന് നൽകുക. സൂറ തഹ്‌രീം 6 നെ ഇമാം അലി (റ) വ്യാഖ്യാനിക്കുന്നു:

**"قو انفسك و اهليكم نارا"  قال علي - رضي الله عنه - : علّموهم وأدّبوهم.**

അതുപോലെ വ്യത്യസ്ത സാഹചര്യങ്ങളിലെ (വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ, പുറത്ത് പോവുമ്പോൾ, ഭക്ഷണം കഴിക്കുമ്പോൾ, ശുചിമുറിയിൽ പ്രവേശിക്കുമ്പോൾ) ദിക്റുകളും ആദാബുകളും പാലിക്കുക. ഖുർആൻ ഓതുക.

**عن جابر بن عبد الله -رضي الله عنهما - أنه سمع رسول الله -صلى الله عليه وسلم- يقول : «إذا دخل الرجلُ مَنزِلَه فذكر اللَّه عند دخوله وعند طعامه ، قال الشيطان : لا مَبيتَ لكم ولا عَشاءَ ، وإن ذكر اللَّه عند دُخوله ، ولم يذكره عند عشائه ، يقولُ : أدركتم العَشاء ، ولا مَبيتَ لكم ، وإذا لم يذكر اللَّه عند طعامه قال : أدركتم المبيتَ والعَشاءَ» (مسلم)**

## HADIA CSE Khutba Notes (25.10.2019)

### രണ്ടു തരം വീടുകൾ

" إذا خرج الرجل من بيته فقال : بسم الله ، توكلت على الله ، لا حول ولا قوة إلا بالله ، فيقال له : حسبك قد هديت ، وكفيت ووقيت ، فيتنحى له الشيطان فيقول له شيطان آخر : كيف لك برجل قد هدي وكفي ووقي ؟ " (ابو داود)

عن ابي هريرة - رضي الله عنه - : قال : سمعتُ رسولَ الله -صلى الله عليه وسلم- يقول : «لا تَجْعَلُوا بُيُوتَكم قُبورا ، ولا تَجْعَلوا قَبْرِي عِيدا ، وصَلُّوا عَلَيَّ ، فَإِنَّ صَلاتَكم تَبْلُغني حَيثُ كُنْتُم» (النسائي)

ഒരുമിച്ച് ഭക്ഷണം കഴിക്കുക, നിസ്കരിക്കുക, പ്രാർഥിക്കുക, ഓതുക.

عن أبي هريرة - رضي الله عنه - : قال: قال رسول الله -صلى الله عليه وسلم- : «رَحِمَ اللهُ رجلا قامَ من الليلِ فصلَّى ، وَأَيْقَظَ امْرَأَتَهُ ، فَإِن أَبَتْ نَضَحَ في وَجْهِهَا الماءَ ، رَحِمَ اللهُ امرأة قَامَتْ من الليل فصلتْ وأَيقظتْ زوجَها ، فإنْ أَبَى نضحتْ في وجهه الماءَ». (أبو داود، والنسائي)

عن عائشة - رضي الله عنها - : قالت : «كان رسولُ الله -صلى الله عليه وسلم- يُصلِّي من الليل، فإذا أوتَرَ قال : قُومي فَأَوتِرِي يا عائشةُ». (مسلم)

عَنْ وَحْشِيِّ بْنِ حَرْبٍ عَنْ أَبِيهِ عَنْ جَدِّهِ أَنَّ رَجُلًا قَالَ لِلنَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّا نَأْكُلُ وَمَا نَشْبَعُ قَالَ فَلَعَلَّكُمْ تَأْكُلُونَ مُفْتَرِقِينَ اجْتَمِعُوا عَلَى طَعَامِكُمْ وَاذْكُرُوا (احمد)

ഭാര്യാസന്താനങ്ങളെയും വീട്ടിലെ മറ്റു അംഗങ്ങളെയും ഉപദേശിക്കുക (ലുഖ്മാനുൽ ഹക്കീമിന്റെ ഉപദേശം ഓർക്കുക.). തെറ്റുകൾ കണ്ടാൽ ദീനിന്റെ മാർഗത്തിൽ ശാസിക്കുക. സാധാരണ പ്രവാചകൻ (സ) ശരീഅത്തിന്റെ പുതിയ ഒരു നിയമം അവതരിച്ചാൽ ആദ്യം വീട്ടിലായിരുന്നു അത് നടപ്പിലാക്കിയിരുന്നത് (അഹ്സാബ് 32). ആഇശ (റ) പറയുന്നു: ആളുകൾക്ക് അനുവദനീയമായ 3 കാര്യങ്ങൾ ഞങ്ങൾ പ്രവാചകരുടെ വീട്ടുകാർക്ക് നിഷിദ്ധമായിരുന്നു; സ്വർണം, മേത്തരം വാഹനം, ചായം മുക്കിയ വസ്ത്രം! മകൾ ഫാതിമ(റ)യുടെ വീട്ടിൽ ചിത്രങ്ങളുള്ള ഒരു വിരി കണ്ടപ്പോൾ പ്രവാചകൻ (സ) വീട്ടിൽ കയറാതെ പിണങ്ങിപ്പോയ ചരിത്രം പ്രശസ്തമാണല്ലോ.

ആവശ്യമെങ്കിൽ വീട്ടിൽ വടി സൂക്ഷിക്കണമെന്ന് വരെ പ്രവാചകൻ (സ) നിർദേശിച്ചു.

عَنِ ابن عَبَّاسٍ قال قال رسول اللَّهِ صلى اللَّهُ عليه وسلم عَلِّقُوا السَّوْطَ حَيْثُ يَرَاهُ أَهْلُ الْبَيْتِ فإنه لهم أَدَبٌ (طبراني)

വീട്ടിൽ വൃത്തി ശീലമാക്കുക. ഇസ്‌ലാമിൽ വൃത്തിക്കുള്ള സ്ഥാനം പറഞ്ഞറിയിക്കാൻ കഴിയില്ലല്ലോ.

عن سعيد بن المسيب - رحمه الله - : سمعَ يقول : «إنِ الله طَيِّبٌ يحبُّ الطِّيب ، نظيفٌ يحب النظافة ، كريمٌ يحب الكرم ، جوادٌ يحب الجُودَ ، فَنَظِّفُوا - أُراه قال: أَفْنِيَتَكُم- ولا تَشَبَّهُوا باليهود».قال : فذكرتُ ذلك لمُهَاجِر بن مِسمارٍ ، فقال : حدَّثَنيه عامرُ ابن سعد عن أبيه عن النبيِّ -صلى الله عليه وسلم- مثله ، إلا أنه قال : «نَظِّفُوا أَفنيتَكم» (الترمذي)

ഇനി സത്യനിഷേധികളുടെ വീടിന്റെ പ്രത്യേകതയോ?

وَأَمَّا مَنْ أُوتِيَ كِتَابَهُ وَرَاءَ ظَهْرِهِ فَسَوْفَ يَدْعُو ثُبُورًا وَيَصْلَىٰ سَعِيرًا إِنَّهُ كَانَ فِي أَهْلِهِ مَسْرُورًا (سورة الانشقاق)

**HADIA CSE Khutba Notes (25.10.2019)**

**രണ്ടു തരം വീടുകൾ**

അഥവാ, എപ്പോഴും കളിയിലും ചിരിയിലും ആഘോഷത്തിലും മുങ്ങി ദൈവസ്മരണയിൽ നിന്ന് ബഹുദൂരം അകന്ന് പോയ വീടുകൾ. സന്തോഷം മനുഷ്യ സഹജമാണ്. എന്നാൽ അമിതമായ സന്തോഷം വിശ്വാസികളുടെ സ്വഭാവമല്ല (ഖസ്വസ് 76, ലുഖ്മാൻ 18, ഇസ്രാ 37). ഇക്കാര്യം പരാമർശിക്കുമ്പോൾ, റിയാലിറ്റി ഷോ - കോമഡി ഉത്സവങ്ങളടക്കമുള്ള ചാനൽ പരിപാടികളെയും ഹോംതിയറ്റർ, ടെലിവിഷൻ തുടങ്ങിയ സാങ്കേതിക സംവിധാനങ്ങളെയും നമുക്ക് വിസ്മരിക്കാൻ സാധിക്കുകയില്ല. നമ്മുടെ വീട്ടകങ്ങളെ കുടുംബ സമേതമുള്ള വിനോദങ്ങളിൽ തളച്ചിടാൻ പ്രസ്തുത സംവിധാനങ്ങൾ വലിയൊരളവ് കാരണമായിട്ടുണ്ട്. പ്രവാചകർ (സ്വ) സർവ്വസാധാരണമായി സ്വഹാബത്തിന് കൊടുത്തിരുന്ന ഉപദേശമായിരുന്നു:

**عن أبى هريرة عن النبي صلى الله عليه و سلم قال : لا تكثروا الضحك فإن كثرة الضحك تميت القلب (الادب المفرد)**

അതുപോലെ ചെറുതും വലുതുമായ കാരണങ്ങൾ ഉണ്ടാക്കി സംഘടിപ്പിക്കപ്പെടുന്ന (ഉദാ, കുട്ടികളുടെ ജൻമ ദിനാഘോഷം.) പാർട്ടികളും ഫാമിലി മീറ്റുകളും. ഇത്തരം ചടങ്ങുകൾ നല്ല ഉദ്ധേശ്യത്തോടെയാണ് നടത്തുന്നതെങ്കിൽ അതിന് കൂലിയുണ്ടെന്നതിൽ തർക്കമില്ല. പക്ഷേ, ഇന്ന് മിക്കവാറും അങ്ങനെയല്ലെന്നത് വ്യക്തമാണ്. ഇത്തരക്കാർ പ്രവാചകന്റെ ഒരു വചനത്തെപ്പറ്റി ആഴത്തിൽ ചിന്തിച്ചിരുന്നെങ്കിൽ!

**عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَرْوِي ذَلِكَ، عَنْ رَبِّهِ عَزَّ وَجَلَّ أَنَّهُ يَقُولُ: " وَعِزَّتِي لَا أَجْمَعُ عَلَى عَبْدِي خَوْفَيْنِ وَأَمْنَيْنِ إِذَا خَافَنِي فِي الدُّنْيَا أَمَّنْتُهُ يَوْمَ الْقِيَامَةِ، وَإِذَا أَمِنَنِي فِي الدُّنْيَا أَخَفْتُهُ يَوْمَ الْقِيَامَةِ " (شعب الايمان)**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: +919496445823**